**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3962** **06-08-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ അവകാശസംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദീൻ ,<br>ശ്രീ . പി . ഉബൈദുള്ള | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾ പിടിക്കുന്ന മത്സ്യത്തിന്റെ വില നിശ്ചയിക്കുന്നതിനും അവ സ്വതന്ത്രമായി വിൽപ്പന നടത്തുന്നതിനുമുള്ള മത്സ്യത്തൊഴിലാളികളുടെ അവകാശം ഉറപ്പാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (എ) | മത്സ്യത്തിന്റെ വില നിശ്ചയിക്കുന്നതിനുള്ള അവകാശം മത്സ്യത്തൊഴിലാളികൾക്ക് തന്നെ നൽകുന്നതിനും ആയതിലൂടെ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും ഒഴിവാകുന്നതിനും ഉപഭോ ക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യം ലഭ്യമാകുന്ന തിനും. മത്സ്യ ലേലവും വിപണനവും നിയന്ത്രിക്കുന്ന തിനും വ്യവസ്ഥാപിതവും ശുചിത്വ പൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹി പ്പിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾ വ്യവസ്ഥ ചെയ്യുന്നതിനുള്ള ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ ഹാർബറുകളുടെയും, ലാൻറിംഗ് സെൻററുകളുടെയും അടിസ്ഥാന സൗകര്യം വികസിപ്പിച്ചുകൊണ്ട് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും, മെച്ചപ്പെട്ട പരിപാലനം ഉറപ്പ് വരുത്തുന്നതിനുമായി 19 മത്സ്യ ബന്ധന തുറമുഖങ്ങളിൽ ഹാർബർ മാനേജ്മെൻറ് സൊസൈറ്റികൾ രൂപീകരിച്ചു കൊണ്ട് ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ അടിസ്ഥാനത്തിൽ മത്സ്യ ത്തിന്റെ അടിസ്ഥാനവില നിശ്ചയിക്കുക, ഹാർബറി നുള്ളിലെ മത്സ്യലേലത്തിലും, വില്പനയിലും ഉണ്ടാകാ നിടയുള്ള അനാവശ്യ പ്രവണതകളെ നിയന്ത്രിച്ച് മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചുകൊണ്ടു വരുന്ന മത്സ്യത്തിന് അർഹിക്കുന്ന വില ഉറപ്പാക്കുക, ഹാർബറിലെ ലേലം, മത്സ്യ വിൽപ്പന, ഗുണനിലവാര പരിപാലനം എന്നിവ നിയന്ത്രിക്കുക തുടങ്ങിയവ ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെ ചുമതലകളാണ്. |
| (ബി) | ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും മത്സ്യത്തൊഴിലാളികളെ സംരക്ഷിക്കുന്നതിനായി പ്രത്യേക സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ രൂപീകരിക്കുമോ? | (ബി) | നിലവിലുള്ള മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ തന്നെയാണ് ഇപ്പോൾ മത്സ്യലേലവും വിപണനവും ഏറ്റെടുത്തു നടത്തുന്നത്. മത്സ്യവിപണ നത്തിന് മാത്രമായി സംഘങ്ങൾ രൂപീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ